

മുസ്‌ലിം ഉമ്മത്തിന്റെ ഹൃദയമാണ് ഹറം. അതിന്റെ സുസ്ഥിതി മുഴുവന്‍ മുസ്‌ലിം ഉമ്മത്തിന്റെയും സുസ്ഥിതിയുമായും അതിന്റെ ദുഃസ്ഥിതി മുഴുവന്‍ ഉമ്മത്തിന്റെയും ദുഃസ്ഥിതിയുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

## ഖുര്‍ആന്‍ ബോധനം

എ.വൈ.ആര്‍

സൂറ - 22

# അല്‍ഹജ്ജ്

إِنَّ ٱلَّذِينَ كَفَرُواْ وَيَصُدُّونَ عَن سَبِيلِ ٱللَّهِ وَٱلۡمَسۡجِدِ
ٱلۡحَرَامِ ٱلَّذِي جَعَلۡنَٰهُ لِلنَّاسِ سَوَآءً ٱلۡعَٰكِفُ فِيهِ وَٱلۡبَادِۚ وَمَن
يُرِدۡ فِيهِ بِإِلۡحَادِۭ بِظُلۡمٖ نُّذِقۡهُ مِنۡ عَذَابٍ أَلِيمٖ ٢٥

**25.** സത്യധര്‍മങ്ങള്‍ നിഷേധിക്കുകയും ദൈവിക സരണിയില്‍ നിന്നും, മനുഷ്യര്‍ക്കാകമാനമായി നാം സ്ഥാപിച്ചതും തദ്ദേശീയര്‍ക്കും പരദേശങ്ങളില്‍ നിന്നെത്തുന്നവര്‍ക്കും തുല്യാവകാശമുള്ളതുമായ മസ്ജിദുല്‍ ഹറാമില്‍ നിന്നും ജനത്തെ വിലക്കുകയും ചെയ്യുന്നവരുടെ നടപടി തീര്‍ച്ചയായും അപലപനീയമാകുന്നു. ഈ മസ്ജിദിന്റെ യാഥാര്‍ഥ്യത്തെ പാര്‍ശ്വവത്കരിച്ചുകൊണ്ട് അവിടെ അക്രമത്തിന് തുനിയുന്നവരെ നാം കൊടിയ ദുരിതമനുഭവിപ്പിക്കുന്നതാകുന്നു.

**25**

إِنَّ ٱلَّذِينَ كَفَرُواْ = നിഷേധിച്ചവര്‍ (സത്യധര്‍മങ്ങള്‍ നിഷേധിച്ചവരുടെ നടപടി തീര്‍ച്ചയായും അപലപനീയമാകുന്നു)

وَيَصُدُّونَ = അവര്‍ വിലക്കുകയും ചെയ്യുന്നു عَن سَبِيلِ ٱللَّهِ = (ജനത്തെ) ദൈവിക സരണിയില്‍ നിന്ന്

وَٱلۡمَسۡجِدِ ٱلۡحَرَامِ = മസ്ജിദുല്‍ ഹറാമില്‍ നിന്നും ٱلَّذِي جَعَلۡنَٰهُ = നാം ആക്കിയിട്ടുള്ളതായ (സ്ഥാപിച്ചതും)

لِلنَّاسِ = മനുഷ്യര്‍ക്ക് (ആകമാനമായി) سَوَآءً = തുല്യമായ നിലയില്‍ (തുല്യാവകാശമുള്ളതുമായ)

ٱلۡعَٰكِفُ فِيهِ = അതില്‍ ആരാധിച്ചു പാര്‍ക്കുന്നവര്‍ക്ക്( തദ്ദേശീയര്‍ക്കും)

وَٱلۡبَادِۚ = അകന്നവന്നും (പരദേശങ്ങളില്‍ നിന്നെത്തുന്നവര്‍ക്കും)

وَمَن يُرِدۡ فِيهِ = വല്ലവനും ഉദ്ദേശിച്ചാല്‍ (തുനിയുന്നവരെ)

بِإِلۡحَادِۭ = ധര്‍മഭ്രംശത്താല്‍ (ഈ മസ്ജിദിന്റെ യാഥാര്‍ഥ്യത്തെ പാര്‍ശ്വവത്കരിച്ചുകൊണ്ട്)

بِظُلۡمٖ = അതിക്രമം കൊണ്ട് (അധര്‍മത്തിന്) نُّذِقۡهُ = നാം അവനെ രുചിപ്പിക്കും (അനുഭവിപ്പിക്കും)

مِنۡ عَذَابٍ = ശിക്ഷയാല്‍ (ദുരിതം) أَلِيمٖ = വേദനയേറിയ (കൊടിയ)

# ഖുര്‍ആന്‍ ബോധനം

**ഇ**വിടം മുതല്‍ 37-ാം സൂക്തം വരെ ചര്‍ച്ച ചെയ്യുന്നത് മസ്ജിദുല്‍ ഹറാമിനെയും അതിന്റെ പാവനമായ ലക്ഷ്യത്തെയും ഹജ്ജ് തീര്‍ഥാടനത്തെയും കുറിച്ചാകുന്നു. കഅ്ബയുടെ മഹത്വവും ഹജ്ജിന്റെ ചടങ്ങുകളും നിയമങ്ങളുമൊക്കെ നേരത്തേ *അല്‍ബഖറ, ആലുഇംറാന്‍, ഇബ്റാഹീം* സൂറകളില്‍ വന്നിട്ടുണ്ട്. മസ്ജിദുല്‍ ഹറാമിന്റെ പരിധിയെക്കുറിച്ചും ആ പരിധിയില്‍ അവിശ്വാസികള്‍ പ്രവേശിക്കുന്നതിനെക്കുറിച്ചും സൂറ *അത്തൗബ* 28-ാം സൂക്തത്തിനു താഴെ *ഖുര്‍ആന്‍ ബോധനം* ചര്‍ച്ച ചെയ്തിരിക്കുന്നു. മുന്‍ സൂക്തങ്ങളില്‍ ചര്‍ച്ച ചെയ്ത തൗഹീദുമായി അഗാധമായ ബന്ധമുള്ള വിഷയം എന്ന നിലക്കാണ് ഇവിടെ ഈ വിഷയം ചര്‍ച്ച ചെയ്യുന്നത്.

ٱلَّذِينَ كَفَرُوا۟ എന്ന വാക്കില്‍ എല്ലാ അവിശ്വാസികളും ഉള്‍പ്പെടുന്നുവെങ്കിലും അവതരണ പശ്ചാത്തലം വിരല്‍ ചൂണ്ടുന്നത് മക്കയിലെ ഖുറൈശികളുടെ നേര്‍ക്കാണ്. ഇസ്‌ലാമിനോടുള്ള വിരോധം മൂലം അവര്‍ മുസ്‌ലിംകള്‍ക്ക് മസ്ജിദുല്‍ ഹറാമില്‍ പ്രവേശനം വിലക്കിയിരുന്നു. തങ്ങള്‍ക്ക് ഇഷ്ടമില്ലാത്തവര്‍ മസ്ജിദുല്‍ ഹറാമില്‍ പ്രവേശിക്കുന്നത് വിലക്കാന്‍ അധികാരമുണ്ടെന്നായിരുന്നു ഖുറൈശികളുടെ നിലപാട്. ബഹുദൈവ നിഷേധവും ഏകദൈവ വാദവും വെറുമൊരു വിശ്വാസ തര്‍ക്കമല്ലെന്നും കഅ്ബാലയത്തിന്റെ ഊരാളര്‍ എന്ന നിലയില്‍ അറബികള്‍ക്കിടയില്‍ തങ്ങള്‍ അനുഭവിച്ചുവരുന്ന ആധ്യത്വവും നേതൃത്വവും പ്രതാപവും പൗരോഹിത്യവും നേരിടുന്ന കനത്ത ആഘാതമാണെന്നും അവര്‍ക്ക് നന്നായറിയാമായിരുന്നു. ഇബ്റാഹീമി പൈതൃകത്തിന്റെ യഥാര്‍ഥ അവകാശികളും ഹറമിന്റെ രക്ഷാധികാരികളും തങ്ങളാണ്. ഹാശിം ഗോത്രമായിരുന്നു കഅ്ബയുടെ താക്കോല്‍ സൂക്ഷിപ്പുകാര്‍. അക്കാലത്ത് അബൂലഹബായിരുന്നു ഭണ്ഡാരത്തിന്റെ കൈകാര്യക്കാരന്‍. അയാള്‍ തന്നിഷ്ട പ്രകാരം അത് കൈകാര്യം ചെയ്തുകൊണ്ടിരുന്നു. ഈ സാഹചര്യത്തില്‍ കഅ്ബയുമായി ബന്ധപ്പെട്ട ഖുറൈശികളുടെ വിപുലമായ താല്‍പര്യങ്ങളെയെല്ലാം ഒറ്റയടിക്ക് തകര്‍ക്കുന്ന ഏകദൈവാദര്‍ശത്തെ അവര്‍ക്കെങ്ങനെ സഹിക്കാനാവും? ഖുറൈശികള്‍, മുസ്‌ലിംകള്‍ മസ്ജിദുല്‍ ഹറാമില്‍ പ്രവേശിക്കുന്നത് വിലക്കുകയും അവരെ നാടുവിടാന്‍ നിര്‍ബന്ധിതരാക്കുകയും ചെയ്തു. ഈ സന്ദര്‍ഭത്തിലാണ് ഇബ്റാഹീം (അ) ഈ മന്ദിരം നിര്‍മിച്ചതിന്റെ ലക്ഷ്യമെന്തായിരുന്നുവെന്നും അദ്ദേഹത്തിന്റെ സന്ദേശം എന്തായിരുന്നുവെന്നും അല്ലാഹു അദ്ദേഹത്തോടനുശാസിച്ച ചിഹ്നങ്ങളും ചടങ്ങുകളും എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കുന്ന ഈ സൂക്തങ്ങള്‍ അവതരിക്കുന്നത്. സാമാന്യ ജനത്തിന് കഅ്ബാലയത്തിന്റെ യാഥാര്‍ഥ്യം മനസ്സിലാക്കി കൊടുക്കുന്ന ഈ സൂക്തങ്ങള്‍ അന്ന് ഖുറൈശികള്‍ക്ക് മുമ്പില്‍ പ്രതിഷ്ഠിച്ച ഒരു കണ്ണാടി കൂടിയായിരുന്നു. അതില്‍ നോക്കി സ്വയം തീരുമാനിക്കാന്‍ കഴിയുമായിരുന്നു, തങ്ങള്‍ ഇബ്റാഹീമീ പാരമ്പര്യം പിന്തുടരുകയാണോ അതല്ല ആ പാരമ്പര്യത്തെ വഞ്ചിക്കുകയും കൊള്ളയടിക്കുകയുമാണോ ചെയ്യുന്നതെന്ന്. ഒപ്പം ഇനി ഈ മന്ദിരവുമായി ബന്ധപ്പെട്ട ചിഹ്നങ്ങളോടും ചടങ്ങുകളോടും തങ്ങള്‍ക്കുള്ള ഉത്തരവാദിത്തം എന്താണെന്ന് മുസ്‌ലിംകളെ ഉണര്‍ത്തുകയും ചെയ്യുന്നു.

إِنَّ ٱلَّذِينَ كَفَرُوا۟ وَيَصُدُّونَ ..... وَٱلْبَادِ എന്ന വാക്യം ആഖ്യയും അവരുടെ നടപടി തീര്‍ച്ചയായും അപലപനീയമാകുന്നു എന്ന വാക്യം ആഖ്യാതവുമാകുന്നു. ഈ ആഖ്യാതം പക്ഷേ ഇവിടെ അനുക്തമാണ്. ഇത് 'കൊടിയ അക്രമമാകുന്നു', 'അധര്‍മമാകുന്നു' എന്നും അല്ലെങ്കില്‍ 'ശിക്ഷാര്‍ഹമാകുന്നു' എന്നും പൂരിപ്പിക്കാവുന്നതാണ്. നേരത്തെ പറഞ്ഞതുപോലെ സൂക്തത്തിന്റെ അവതരണ പശ്ചാത്തലം സൂചിപ്പിക്കുന്നത് മുസ്‌ലിംകള്‍ ഹറമില്‍ വരുന്നത് വിലക്കിയ ഖുറൈശി മുശ്‌രിക്കുകളെയാണ്.

ٱلَّذِى جَعَلْنَٰهُ .... وَٱلْبَادِ എന്ന വാക്യത്തിലൂടെ പ്രകാശിപ്പിക്കുന്നത് കഅ്ബയുടെ ഏറ്റവും പ്രധാനമായ വിശേഷണമാണ്. ഹറമിന്റെ അതിരുകള്‍ക്കുള്ളില്‍ പാര്‍ക്കുന്നവര്‍ക്കും ദൂര ദിക്കുകളില്‍ നിന്നെത്തിച്ചേരുന്നവര്‍ക്കും തുല്യമായ അവകാശവും സ്വാതന്ത്ര്യവുമുള്ള ഭവനമായി സ്ഥാപിക്കപ്പെട്ടതാണ് കഅ്ബ. അതിന്മേല്‍ ഏതെങ്കിലും വ്യക്തിക്കോ ഗോത്രത്തിനോ നാടിനോ യാതൊരു പ്രത്യേകാധികാരവുമില്ല. കഅ്ബയുടെ ഊരാളരും പുരോഹിതരുമായി ചമഞ്ഞ് അതിന്മേല്‍ ഉടമസ്ഥതയും അധികാരവും കൈയാളുന്ന ഖുറൈശികളുടെ നിലപാടിനെ ഈ വാക്യം ഖണ്ഡിതമായി നിഷേധിക്കുന്നു. ഏകനായ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് ഹജ്ജോ ത്വവാഫോ ചെയ്യാന്‍ ഉദ്ദേശിക്കുന്നത് ഖുറൈശിയാവട്ടെ, ഹാശിമിയാവട്ടെ, മറ്റു ഗോത്രജനാവട്ടെ, അറബിയാവട്ടെ, അനറബിയാവട്ടെ, മക്കക്കാരനാവട്ടെ, മറു നാട്ടുകാരാവട്ടെ ആരായാലും അവനുമേല്‍ യാതൊരു നിരോധവുമില്ല. നിരോധമേര്‍പ്പെടുത്താന്‍ ആര്‍ക്കും അവകാശവുമില്ല. അതിനു ചുറ്റും വസിക്കുന്നവര്‍ക്ക് വല്ല പ്രത്യേകാവകാശവുമുണ്ടെങ്കില്‍ ആ മന്ദിരത്തിന്റെ വിശുദ്ധിക്ക് നിരക്കാത്ത, ബഹുദൈവത്വപരമായ അനാചാരങ്ങളാകുന്ന ആത്മീയ മാലിന്യങ്ങളില്‍ നിന്നും, തീര്‍ഥാടകര്‍ക്ക് അസൗകര്യം സൃഷ്ടിക്കുന്ന ഭൗതിക മാലിന്യങ്ങളില്‍ നിന്നും അതിനെ മുക്തമാക്കി വെക്കുക എന്നതു മാത്രമാണ്. ഈ ശുദ്ധീകരണം എങ്ങനെയെന്ന് അടുത്ത സൂക്തങ്ങളില്‍ വ്യക്തമാക്കുന്നുണ്ട്. പക്ഷേ, ഖുറൈശികള്‍ ചെയ്തത്, ഏതെല്ലാം മാലിന്യങ്ങളില്‍ നിന്നാണോ കഅ്ബാലയത്തെ ശുദ്ധീകരിക്കാന്‍ കല്‍പിച്ചത്, അതേ മാലിന്യങ്ങള്‍ അതില്‍ നിറയ്ക്കുകയാണ്. എന്നിട്ടും അതിന്റെ പരിചാരകരും രക്ഷകരുമാണെന്ന് അവരവകാശപ്പെട്ടുകൊണ്ടിരുന്നു. ഏകദൈവാരാധനക്ക് മാത്രമായി സ്ഥാപിതമായ ആ ഭവനത്തില്‍ ഏകദൈവാരാധനക്കെത്തുന്നവര്‍ക്ക് ബലാല്‍ക്കാരം പ്രവേശനം വിലക്കുന്നു.

عَاكِفِين -നെയാണ് 'തദ്ദേശീയര്‍' എന്ന് തര്‍ജമ ചെയ്തിരിക്കുന്നത്. ഈ അര്‍ഥത്തില്‍ ഈ പദം സാധാരണ ഉപയോഗിക്കാറില്ല. ഭജനമിരിക്കുന്നവര്‍, ധ്യാനമിരിക്കുന്നവര്‍, ആരാധനാ കാര്യങ്ങളില്‍ ആമഗ്നരായവര്‍ എന്നൊക്കെയാണ് ഭാഷാര്‍ഥം. ഒരു കാര്യത്തിന് ഒരിടത്ത് ചടഞ്ഞു കൂടി

യവർ എന്ന് പ്രയോഗാർഥമുണ്ട്. ഇവിടെ മക്കാ വാസികളെ عاكفون എന്ന് വ്യവഹരിച്ചതിലൂടെ ഖുർആൻ അവരുടെ അടിസ്ഥാന ദൗത്യത്തെയും നിലപാടിനെയും സൂചിപ്പിച്ചിരിക്കുകയാണ്. ഖുറൈശികൾ ഹറമിന്റെ കുത്തകാവകാശികളോ സർവാധിപതികളോ അല്ല. അവിടെ ദൈവാരാധനയിൽ നിരതരമായവരും ആരാധനക്കെത്തുന്നവരെ സേവിക്കുന്നവരുമാണ്. അല്ലാഹു ഈ ഭവനം ഇസ്മാഈലികൾക്കോ ഖുറൈശികൾക്കോ മാത്രമായി സ്ഥാപിച്ചതല്ല. മനുഷ്യ വർഗത്തിനാകമാനമുള്ള അവലംബ കേന്ദ്രമായിട്ടാണത് സ്ഥാപിതമായിട്ടുള്ളത്. അറബിയും അനറബിയും പാശ്ചാത്യനും പൗരസ്ത്യനുമായ എല്ലാ മുസ്‌ലിംകൾക്കും അതിന്മേലുള്ള അവകാശം തികച്ചും തുല്യമാകുന്നു. തദ്ദേശീയർ അതിന്റെ ഉടമകളാകുന്നില്ല; അതിന്റെ കാവൽക്കാരും സേവകരും മാത്രമാണവർ. വിഗ്രഹാരാധനയിൽ നിന്നും മറ്റു ബഹുദൈവത്വപരമായ അനാചാരങ്ങളിൽനിന്നും കഅ്ബയെ സംശുദ്ധമാക്കി പരിപാലിക്കുകയാണ് അവരുടെ ഉത്തരവാദിത്തം.

മസ്ജിദുൽ ഹറാമിൽ മക്കാ വാസികൾക്കോ അവിടത്തെ ഗവൺമെന്റിനോ കുത്തകാധികാരമില്ല എന്നാണ് ഈ വാക്കുകൾ വ്യക്തമാക്കുന്നത്. ലോകത്തെങ്ങുമുള്ള എല്ലാ ഏകദൈവവിശ്വാസികളും അതിൽ തുല്യമായ അവകാശമുള്ളവരാണ്. തദ്ദേശീയർക്കും തദ്ദേശീയ സർക്കാറിനും അതിന്മേലുള്ള കൈകാര്യ കർതൃത്വം ഉടമകൾ എന്ന നിലയിലുള്ളതല്ല; പ്രത്യുത അതിന്റെ സേവകർ എന്ന നിലയിലുള്ളതാണ്. ഈ അടിസ്ഥാനത്തിലാണ് സുഊദി രാജാക്കന്മാരെ ഖാദിമുൽ ഹറമൈൻ (ഇരു ഹറമുകളുടെ സേവകൻ) എന്ന് വിളിക്കുന്നത്. മസ്ജിദുൽ ഹറാമിനെ ബഹുദൈവത്വത്തിൽ നിന്നും തജ്ജന്യമായ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ശുദ്ധീകരിച്ച് പരിപാലിക്കുകയും അവിടെയെത്തുന്ന തീർഥാടകർക്ക് സേവന സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയുമാണ് അവരുടെ ഉത്തരവാദിത്തം. തങ്ങൾക്കിഷ്ടമില്ലാത്തവർക്ക് മസ്ജിദുൽ ഹറാം വിലക്കാനോ തീർഥാടകരെ ചൂഷണം ചെയ്യാനോ ആർക്കും അധികാരമില്ല. എന്നാൽ, ഏതെങ്കിലും തീർഥാടകൻ ആ മന്ദിരത്തിന്റെ പാവന ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി പെരുമാറുന്നുവെന്ന് ബോധ്യപ്പെട്ടാൽ അത് തടയാനും അവർ ബാധ്യസ്ഥരാണ്. അത് കഅ്ബയുടെ ശുദ്ധീകരണത്തിന്റെ ഭാഗമാകുന്നു. മസ്ജിദുൽ ഹറാം സന്ദർശിക്കാനും അതിന്റെ അനുഗ്രഹങ്ങളനുഭവിക്കാനും എല്ലാവർക്കും അവകാശമുള്ളതുപോലെ ഈ മന്ദിരം പരിപാലിക്കാനും സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്തവും ലോകത്തിലെ എല്ലാ മുസ്‌ലിംകൾക്കും തുല്യമാണ്. കഅ്ബ പരിപാലനവും സേവനവും ഏറ്റെടുത്തവർ അതിന്റെ നിർദിഷ്ടമായ ശുദ്ധീകരണത്തിൽ വീഴ്ചവരുത്തുന്നുവെന്ന് തെളിഞ്ഞാൽ ലോകത്തിലെ ഏത് മുസ്‌ലിമും അതിൽ ഇടപെടാൻ ബാധ്യസ്ഥനാകുന്നു. ഇത് ഞങ്ങളുടെ ആഭ്യന്തര കാര്യം എന്ന് പറഞ്ഞ് നാട്ടുകാർക്കോ സർക്കാറിനോ അത് വിലക്കാൻ അധികാരമില്ല. ഒരു ജാഹിലി ശക്തി അതിനെ ആക്രമിക്കുന്ന പക്ഷം, അവർക്കെതിരെ ജിഹാദു ചെയ്യേണ്ടത് ഓരോ മുസൽമാന്റെയും ബാധ്യതയാകുന്നു. ഇക്കാര്യത്തിൽ ദേശീയ-അന്തർദേശീയ താൽപര്യങ്ങളും കരാറുകളുമൊന്നും തടസ്സമായിക്കൂടാ. മസ്ജിദുൽ ഹറാമിന്റെ സംരക്ഷണാർഥമുള്ള ജിഹാദിൽ പങ്കെടുക്കുന്നത് ഏതെങ്കിലും ദേശീയ സർക്കാർ വിലക്കുന്നുവെങ്കിൽ, അതൊരു മുസ്‌ലിം സർക്കാർ ആയാൽ പോലും അവർക്കെതിരെയും സമരം ചെയ്യേണ്ടത് നിർബന്ധമാണ്. കാരണം, മസ്ജിദുൽ ഹറാമിന്റെ സംരക്ഷണം മക്കാ വാസികളിലോ അവിടത്തെ സർക്കാറിലോ പരിമിതമായ ഉത്തരവാദിത്തമല്ല. ഏക ദൈവ വിശ്വാസിയായ ഓരോ വ്യക്തിയുടെയും ഉത്തരവാദിത്തമാകുന്നു. മുസ്‌ലിം ഉമ്മത്തിന്റെ ഹൃദയമാണ് ഹറം. അതിന്റെ സുസ്ഥിതി മുഴുവൻ മുസ്‌ലിം ഉമ്മത്തിന്റെയും സുസ്ഥിതിയുമായും അതിന്റെ ദുഃസ്ഥിതി മുഴുവൻ ഉമ്മത്തിന്റെയും ദുഃസ്ഥിതിയുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

വിദൂര ദേശത്ത് പാർക്കുന്നവനാണ് بادى. പട്ടണങ്ങളിൽ നിന്നകന്ന പ്രദേശങ്ങളിൽ വസിക്കുന്ന അറബികളെ ബദവി എന്നു പറയും. പ്രാകൃത അറബി എന്ന അർഥത്തിൽ അഅ്റാബി എന്നും പറയും. سَوَآءً ٱلْعَـٰكِفُ فِيهِ وَٱلْبَادِ എന്ന വാക്യത്തിന്റെ താൽപര്യം മുകളിൽ വ്യക്തമാക്കിയതുപോലെ മസ്ജിദുൽ ഹറാം സന്ദർശിക്കാനും അവിടെ അല്ലാഹുവിനെ ആരാധിക്കാനുമുള്ള അവകാശം എല്ലാവർക്കും തുല്യമാണെന്ന് സന്ദർഭത്തിൽ നിന്ന് വ്യക്തമാണ്. ചില പണ്ഡിതന്മാർ ഈ അവകാശത്തെ ഹറം ഭൂമിയുടെയും അതിലെ ചമയങ്ങളുടെയും ഉടമസ്ഥാവകാശത്തിലേക്ക് വ്യാപിപ്പിച്ചുകൊണ്ട് ചർച്ച ചെയ്തിട്ടുണ്ട്. ഹറമിലെ ഭൂമിയിലും കെട്ടിടങ്ങളിലും സസ്യലതാദികളിലുമൊന്നും വ്യക്തികൾക്ക് ഉടമാവകാശമില്ലെന്നും, എല്ലാം എല്ലാവർക്കും അവകാശപ്പെട്ടതാണെന്നുമാണ് അവരുടെ നിലപാട്. ഇത് ബാലിശമാണ്. ഒന്നാമതായി جَعَلْنَـٰهُ لِلنَّاسِ سَوَآءً ٱلْعَـٰكِفُ فِيهِ وَٱلْبَادِ എന്നു പറഞ്ഞിരിക്കുന്നത് മസ്ജിദുൽ ഹറാമിന്റെ വിശേഷണമായിട്ടാണ്, മക്കാ രാജ്യത്തിന്റെയോ ഹറമിന്റെ പരിധിക്കുള്ളിലെ സ്ഥലത്തിന്റെയോ വിശേഷണമായിട്ടല്ല. ഇമാം മാലിക്കും ശാഫിഈയും ഏതാണ്ട് ആ അർഥത്തിൽ തന്നെയാണതിനെ സമീപിച്ചിരിക്കുന്നത്. മക്കയിലെ കെട്ടിടങ്ങളിലും ഭൂമിയിലും അതിന്റെ ആളുകൾക്ക് ഉടമസ്ഥതയുണ്ടെന്ന് അവർ പറയുന്നു. അവർക്കത് വിൽക്കുകയും വാടകക്ക് കൊടുക്കുകയും ചെയ്യാം. അടിയന്തര ഘട്ടങ്ങളിൽ തീർഥാടകരോട് സൗജ


## Matrimonial

മുസ്‌ലിം യുവതി (21/5'3"). B.Tech. IT. സൗന്ദര്യം. മെലിഞ്ഞ ശരീരപ്രകൃതി. എറണാകുളം ജില്ല. B.Tech/MBA യോഗ്യതയുള്ള എറണാകുളം, തൃശൂർ ജില്ലക്കാരായ യുവാക്കളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9446369370**

# ഖുർആൻ ബോധനം

ന്യവും സൗമനസ്യവും കാണിക്കേണ്ടത് നിർബന്ധമാണെന്നു മാത്രം. കെട്ടിടങ്ങളുടെ വിൽപനയും വാടകയും നിരോധിക്കുന്ന നിവേദനങ്ങളുടെ താൽപര്യം ഈ സൗജന്യവും സൗമനസ്യവുമാണെന്നാണവരുടെ നിലപാട്. മക്കയിലെ കെട്ടിടങ്ങൾ ആരെങ്കിലും ഉടമപ്പെടുത്താനോ, വാടകക്ക് കൊടുക്കാനോ പാടില്ലെന്നാണ് ഇമാം അബൂഹനീഫയുടെ നിലപാട്. മസ്ജിദുൽ ഹറാം എന്നാൽ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ മക്കാ രാജ്യമാണ്. ദാറഖുത്നിയും ഇബ്നുമാജയും ഉദ്ധരിച്ച ഒരു നിവേദനമാണ് അവരുടെ തെളിവ്: "റസൂലും അബൂബക്റും ഉമറും മരണപ്പെടുമ്പോൾ മക്കയിലെ റുബാഅ് എന്നു വിളിക്കപ്പെടുന്ന എടുപ്പുകൾ (رباع مكة) പൊതു ഇടങ്ങളായിരുന്നു. ആവശ്യമുള്ളവർക്ക് താമസിക്കാം. ആവശ്യമില്ലാത്തവർക്ക് മറ്റുള്ളവരെ താമസിപ്പിക്കാം." അബ്ദുല്ലാഹിബ്നു ഉമറിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ഒരു നിവേദനത്തിൽ മക്കയിലെ വീടുകൾ വിൽക്കാനോ വാടകക്ക് കൊടുക്കാനോ പാടില്ലെന്നു പറയുന്നുണ്ട്. "മക്കയിലെ വീടുകളുടെ വാടക തിന്നുന്നവൻ തീയാണ് തിന്നുന്നത്" എന്നാണ് വാചകം. മാലികി-ശാഫിഈ ഇമാമുകൾ ഈ നിവേദനങ്ങളെ ഹാജിമാരോട് സൗമനസ്യം കാണിക്കാനുള്ള പ്രേരണയായി മാത്രമാണ് കാണുന്നത്. അവർക്ക് കൂടുതൽ എതിർ തെളിവുകളുണ്ട് താനും. ഉമർ(റ) ഖലീഫയായിരുന്നപ്പോൾ മക്കയിലെ സ്വഫ്വാൻ ബിൻ ഉമയ്യയുടെ വീട് വില കൊടുത്തു വാങ്ങി അതിനെ ജയിൽ ആക്കി മാറ്റുകയുണ്ടായി. മക്കയിലെ ഭൂമിയും കെട്ടിടങ്ങളും മുസ്‌ലിം ഉമ്മത്തിന്റെ പൊതു മുതലാണെങ്കിൽ അത് പ്രഖ്യാപിക്കേണ്ടിയിരുന്നത് മക്കാ വിമോചന വേളയിലായിരുന്നു. നബി(സ) അന്ന് അങ്ങനെ വിളംബരം ചെയ്തിട്ടില്ലെന്നു മാത്രമല്ല, വീടുകളിൽ താമസിച്ചിരുന്നവരെ അതിൽ സ്ഥിരപ്പെടുത്തുകയാണ് ചെയ്തത്. മുൻകാലത്തെന്ന പോലെ അതിനു ശേഷവും അവർ വീടുകൾ വിൽക്കുകയും വാടകക്ക് കൊടുക്കുകയുമൊക്കെ നിരാക്ഷേപം ചെയ്തുവരുന്നുമുണ്ട്.

ചിന്തിച്ചുറച്ച് എടുക്കുന്ന തീരുമാനത്തെക്കുറിക്കുന്ന اراد യിൽ നിന്നുള്ളതാണ് يرد. ഇവിടെ അത് തുനിയുക എന്ന അർഥത്തെയും ഉൾക്കൊള്ളുന്നുവെന്ന് വ്യാഖ്യാതാക്കൾ പറയുന്നു. അതായത് ചിന്തിച്ചുറച്ചു തീരുമാനിച്ചു കൊണ്ടോ താൽക്കാലികമായ മാനസിക പ്രേരണയാലോ അക്രമം ചെയ്യാൻ തുനിഞ്ഞാൽ എന്നാണർഥം. രണ്ടായാലും അതിന്റെ പേരിൽ കൊടിയ ശിക്ഷയനുഭവിക്കേണ്ടിവരും.

തെറ്റിക്കലും പാർശ്വവത്കരിക്കലുമാണ് الحاد. ഖബ്ർ കുഴിച്ച ശേഷം അതിന്റെ ഒരു പാർശ്വം മയ്യിത്ത് വെക്കാൻ പാകത്തിൽ തുരന്നുണ്ടാക്കുന്ന അടി ഖബ്റിന് لحد എന്നു പറയും. മാർഗഭ്രംശം, ദൈവനിഷേധം എന്നീ പ്രയോഗാർഥങ്ങളുമുണ്ട്. നാസ്തികൻ -مُلْحد- ആണ്. ഒരു സ്ഥലത്തോ സന്ദർഭത്തിലോ ആ സന്ദർഭത്തിന്റെയും സ്ഥലത്തിന്റെയും പവിത്രതക്കും ലക്ഷ്യത്തിനും ഇണങ്ങാത്ത വിധത്തിൽ പെരുമാറുന്നതും الحاد ആകുന്നു. മസ്ജിദുൽ ഹറാമിൽ അങ്ങനെ പെരുമാറുന്നതിനെയാണ് ഇവിടെ الحاد എന്നു വ്യവഹരിച്ചിരിക്കുന്നത്. അതിക്രമത്താലുള്ള വ്യതിചലനം കൊണ്ട് മസ്ജിദുൽ ഹറാമിൽ അതിന്റെ പവിത്രതക്ക് വിരുദ്ധമായ നടപടികൾക്ക് ഒരുമ്പെട്ടാൽ എന്നാണ് وَمَن يُرِدْ فِيهِ بِإِلْحَادٍ بِظُلْمٍ എന്ന വാക്യത്തിന്റെ ആശയം. ഖുർആൻ പലയിടത്തും വിഗ്രഹാരാധനയെയും ബഹുദൈവവിശ്വാസത്തെയും അക്രമം എന്നു പറയുന്നുണ്ട്. ഇവിടെ പറഞ്ഞ ظلم കൊണ്ടും ഉദ്ദേശ്യം ശിർക്ക്-ബഹുദൈവാരാധന- ആണെന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. വല്ലവനും വിഗ്രഹാരാധനയാൽ അല്ലെങ്കിൽ ബഹുദൈവ വിശ്വാസത്താൽ പ്രേരിതനായി മസ്ജിദുൽ ഹറാമിന്റെ മഹത്തായ ലക്ഷ്യത്തിനിണങ്ങാത്ത പ്രവൃത്തി ചെയ്യാൻ തുനിഞ്ഞാൽ എന്നാകും അപ്പോൾ ആശയം. സാധാരണഗതിയിൽ ഒരാൾ ഒരു പാപം ചെയ്യാൻ ഉദ്ദേശിക്കുകയും എന്തുകൊണ്ടോ അത് ചെയ്യാതിരിക്കുകയും ചെയ്താൽ ശിക്ഷാർഹനാകുന്നില്ല. എന്നാൽ മസ്ജിദുൽ ഹറാമിൽ ഒരു പാപം ചെയ്യാൻ തീരുമാനിച്ചാൽ, അത് ചെയ്തില്ലെങ്കിലും ശിക്ഷാർഹനാകുമെന്നാണ് ഈ സൂക്തം നൽകുന്ന ഗുരുതരമായ താക്കീത്. ■

madhyamam

WANTED

**RESIDENT MANAGER**

Age Limit : 30 - 40 Years
Experience : Min 5 years in Managerial post
Qualification : Degree + PG in any Business disciplines
Skills Required : Leadership Ability, Problem Solving Ability & Commanding Power.

**CIRCULATION MANAGER**

Age Limit : 25 - 30 Years
Experience : Min 3 years as Marketing Manager
Qualification : MBA in marketing
Skills Required : Leadership & Problem Solving Ability, & Business Judgement

Those who have qualified may rush their resumes to **careers@madhyamam.in** (please specify the post applied in the subject line of email)

Apply before 30th May 2015
Help Line: 09645 00 6938
HR Manager